## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1206** — **10-10-2024 - ൽ മറുപടിയ്ക്ക്**

## തങ്കളം-കാക്കനാട് നാലുവരിപ്പാത

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കാക്കനാട് - തങ്കളം നാലുവരി പാത ചെ 0/000 (മനയ്ക്കക്കടവ്) മുതൽ 27/324 (തങ്കളം) വരെയാണ് കെ.ആർ.എഫ്ബി. പി എം യു ന്റെ പരിധിയിൽ വരുന്നത്. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പ്രകാരം ഈ പാത IRC മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ഡിസൈൻ ചെയ്യുവാൻ സാധ്യമല്ലാത്തതും ഫീസിബിൾ അല്ല എന്നും ഡിസൈൻ വിഭാഗത്തിൽ നിന്നും വ്യക്തമാക്കി പാരിസ്ഥിതിക പഠനത്തിന് ശുപാർശ ചെയ്തു. KIIFB യിൽ നിന്നുള്ള 01.06.2023 ലെ സൈറ്റ് വിസിറ്റ് റിപ്പോർട്ടിൽ കാക്കനാട് മനക്കക്കടവ് മുതൽ കോതമംഗലം തങ്കളം വരെ (ചെ 0/000 മുതൽ 27/234 വരെ) ഉള്ള നിലവിലത്തെ അലൈൻമെന്റ് KIIFB മാനദണ്ഡങ്ങൾ പ്രകാരം അനുയോജ്യമല്ലെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KIIFB അറിയിച്ചു. മറ്റ് അലൈമെന്റുകളുടെ സാധ്യത പരിശോധിക്കുന്നതിനായി നിർദേശച്ചതിൻപ്രകാരം ഡ്രോൺ സർവ്വേ നടത്തുന്നതിനായി 06.06.2023 ന് കിഫ്ബി TRC വിങ്ങിന്റെ സഹായം അഭ്യർത്ഥിച്ചിരുന്നു.<br><br>Ch 24/600 മുതൽ Ch 26/057 വരെയുള്ള സ്ഥലം ഏറ്റെടുപ്പിനുള്ള ഭരണാനുമതി സ്റ്റേറ്റ് ബഡ്ജറ്റ് ഫണ്ടിൽ നിന്നും 20 കോടി രൂപ നൽകിയതിനെ തുടർന്ന് അന്നത്തെ അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ് ഡിവിഷൻ മുവാറ്റുപുഴ, റവന്യൂ വകുപ്പിന് തുക കൈമാറി നൽകി, സ്ഥലമേറ്റെടുപ്പ് നടപടികൾ അവസാനഘട്ടത്തിലാണ് |
| (ബി) | സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടി അന്തിമ ഘട്ടത്തിലായ പ്രസ്തുത പദ്ധതിയുടെ Ch 24/600 മുതൽ Ch 26/057 വരെയുള്ള ഭാഗം ഒഴിവാക്കിയതിനുശേഷം കിഫ്ബി TRC വിഭാഗത്തിൽ നിന്നും സാധ്യത പഠന റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | പ്രകാരം നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് അലൈൻമെന്റ് അംഗീകാരം നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ